## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2812 18.08.2017 ൽ മറുപടിയ്ക്ക്

## ഭൂരഹിതരുടെ പുനരധിവാസത്തിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.കെ. ബാബു<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും<br>വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ഭൂരഹിതരുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) അടുത്ത അഞ്ചുവർഷം കൊണ്ട് കേരളത്തിലെ മുഴുവൻ ഭൂരഹിത - ഭവന രഹിതർക്കും ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ഭവന രഹിതർക്ക് മാന്യവും സുരക്ഷിതത്വവുമുള്ള ഭവനത്തോടൊപ്പം ജീവതോപാധി ഉറപ്പാക്കാൻ കഴിയുന്ന ഭവന സംവിധാനമൊരുക്കുന്നതിനുമായി തദ്ദേശസ്വയം ഭരണ വകുപ്പുവഴി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (LIFE) നടപ്പിലാക്കാനുദ്ദേശിക്കുന്നു. |
| (ബി) | ഭൂരഹിതർക്ക് മിച്ച ഭൂമി വിതരണം ചെയ്യുന്നതിനായി പ്രത്യേക സർവ്വേ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഇല്ല |
| (സി) | ലാന്റ് ട്രിബ്യൂണലുകളിൽ ദീർഘകാലമായി കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാനായി സ്പെഷ്യൽ ട്രിബ്യൂണലുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) കേരളത്തിൽ 17 ലാന്റ് ട്രിബ്യൂണലുകളാണ് ഉള്ളത്. ഇവിടങ്ങളിൽ കെട്ടികിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർത്ത് ക്രയസർട്ടിഫിക്കറ്റ് നൽകുന്നതിനായി സ.ഉ.(പി) നമ്പർ 8/2017/റവന്യൂ തീയതി 17.1.2017 ഉത്തരവ് പ്രകാരം 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാന്റ് ട്രിബ്യൂണലിന്റെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ദേവസ്വം കേസുകൾ പരിഗണിക്കുന്നതിനായി 14 ജില്ലകളിലും ദേവസ്വം ട്രിബ്യൂണലുകളും പ്രവർത്തിച്ചു വരുന്നു. |
| (ഡി) | ഭൂമി സംബന്ധമായ നിയമങ്ങളെയും നടപടികളെയും കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ സംസ്ഥാനത്ത് ഭൂസാക്ഷരതാ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ